04/02/22

DESPATCHED
On. 14/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 843*(7)/2014/*** *എസ്.ഐ.സി.*തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **4685**/*എസ്.ഐ.സി-ജി 6/2014)*

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ജോർജ്ജ് കെ.കെ,
ലവ്ഷോർ,
പെരുംപറമ്പ്,
ഇരിട്ടി(പി.ഒ), കണ്ണൂർ - 670 703.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ & ജൂനിയർ സൂപ്രണ്ട്(ഇ സെക്ഷൻ),
താലൂക്ക് ഓഫീസ്,
തലശ്ശേരി.
2. അപ്പീൽ അധികാരി & തഹസിൽദാർ
താലൂക്ക് ഓഫീസ്,
തലശ്ശേരി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 13.09.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 04.10.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 06.11.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 18.12.2013 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 22.03.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 26.03.2014 |
| ഹിയറിംഗ് നടന്ന തീയതി | 04.02.2014 - ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ജോർജ്ജ് കെ.കെ 22.03.2014 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 26.03.2014 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 843(7)/2014/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 13.09.2013 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1. താലൂക്ക് ഓഫീസർ 10/05/2013-ന് 231/13 നമ്പറായി വില്ലേജുകൾക്ക് നൽകിയ സർക്കുലറിന്റെ കോപ്പിയും
2. താലൂക്ക് ഓഫീസർ 10/05/2013-ന് 231/13 നമ്പർ നൽകിയ സർക്കുലർ പായം, മണത്തണ, ആറളം, കീഴൂർ വില്ലേജുകൾ കൈപ്പറ്റിയ ഡസ്പാച്ച് രജിസ്റ്റർ പേജിന്റെ കോപ്പിയും
3. ശ്രീമതി. പത്മാവതി എ.വി, ശ്രീ. ഡി. ഹരികുമാർ ഭട്ടതിരി, ശ്രീ. മനോജ്, ശ്രീ. ജെയിസന്റ് മാത്യു, ശ്രീ. കെ. പ്രേമരാജൻ, ശ്രീമതി. സനിത എൻ.കെ ഇപ്പോൾ തുടരുന്നവരുടെയും വീടിന്റെ മേൽവിലാസം, പായം വില്ലേജിൽ ജോലി ചെയ്ത കാലഘട്ടം, ജോയിൻ ചെയ്ത തീയതി, ഔദ്യോഗിക പദവി കൈകാര്യം ചെയ്തിരുന്ന വിഷയങ്ങളും മറ്റുമായി 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിൻമേൽ ഒന്നാം എതിർകക്ഷി 04.10.2013ന് ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 06.11.2013 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 18.12.2013-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 07/06/2014 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരൻ 14.09.2013 പ്രകാരം സമർപ്പിച്ച അപേക്ഷ പരിശോധിച്ച് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതാണെന്നും, ടി മറുപടി തൃപ്തികരമല്ല എന്നു കാണിച്ച് 7.11.2013-ന് സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ അപ്പീൽ വാദിയേയും ഒന്നാം എതിർകക്ഷിയെയും 11.12.2013-ന് നേരിട്ട് കേട്ടിട്ടുള്ളതാണെന്നും, ആയതിൻ പ്രകാരം 14.09.2013-ലെ അപേക്ഷയിലെ 7-ാം നമ്പർ ചോദ്യ പ്രകാരം വസ്തു നികുതി തടസ്സപ്പെടുത്തുവാൻ പായം വില്ലേജിൽ ഉദ്യോഗസ്ഥരായിരുന്നവർ താലൂക്കിൽ നിന്നും അനുവാദം ചോദിച്ചത് സംബന്ധിച്ച രേഖകൾ ടി ആഫീസിൽ നിന്നും ലഭ്യമായിട്ടില്ല എന്ന വിവരം അപ്പീൽ വാദിയെ അറിയിച്ചിട്ടുള്ളതും സുപ്രീം കോടതിയുടെ എസ്.എൽ.പി(സിവിൽ) 27734/12-ാം നമ്പർ കത്തിന്റെ പകർപ്പും മറ്റ് സെക്ഷനുകളിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ പകർപ്പും ആവശ്യമായ ഫീസ് ഒടുക്കിയതിന്റെ അടിസ്ഥാനത്തിൽ ടിയാന് അയച്ചു കൊടുത്തിട്ടുണ്ടെന്നുമാണ്. ടിയാന്റെ അപേക്ഷയ്ക്ക് വിവരാവകാശ നിയമം 2005 അനുശാസിക്കും വിധം വ്യക്തവും വിശദവുമായ മറുപടി നൽകിയിട്ടുള്ളതും ആയതിൽ ബോധപൂർവ്വമായ യാതൊരുവിധ വിവരാവകാശ ലംഘനവും നടത്തിയിട്ടില്ലാത്തതും അപേക്ഷകന്റെ ആവശ്യപ്രകാരം ടി ഓഫീസിൽ ലഭ്യമായ വിവരങ്ങളും പകർപ്പുകളും നൽകിയിട്ടുള്ളതും വിവരാവകാശ നിയമത്തെയും അപേക്ഷകനെയും അവഹേളിക്കുന്ന യാതൊരു മറുപടിയും ഒന്നാം എതിർകക്ഷിയോ രണ്ടാം എതിർകക്ഷിയോ നൽകിയിട്ടില്ലാത്തതുമാണെന്ന വിവരവും ബോധിപ്പിച്ചിട്ടുണ്ടെന്നും, ആയതിനാൽ മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ അപ്പീൽ അപേക്ഷ നിരുപാധികം തള്ളിക്കളയണമെന്നാണ് അപേക്ഷിച്ചിട്ടുള്ളത്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും, എതിർകക്ഷിയെ കേട്ടതിലും, ഒന്നാം എതിർകക്ഷി 01/02/2022-ൽ സമർപ്പിച്ച റിപ്പോർട്ട് കമ്മീഷൻ അംഗീകരിച്ചു കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ഫെബ്രുവരി 4-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**
AV